കെ.എസ്.എ.കെ.ടി.എം. പി3/1931/2016 തീയതി: 15.12.16

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2015 മുതൽ 30.09.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭ്യമാക്കി. ഓഡിറ്റ് പരാമർശങ്ങൾ 04.11.16 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.10.2016 മുതൽ 04.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ.പി.ബി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മനേഷ് കുമാർ.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.സിബി എബ്രഹാം | 01.04.15 മുതൽ 31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.15 മുതൽ 18.11.15 വരെ |
| | ശ്രീമതി .ടീനാമോൾ ചാക്കോ | 19.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീമതി ബി.ഉഷാകുമാരി | 01.04.15 മുതൽ 15.01.16 വരെ |
| | ശ്രീ.വേണുഗോപാൽ.സി.പി | 16.01.16 മുതൽ 31.03.16 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി.പി.വേണുഗോപാൽ | 01.04.2015 മുതൽ 25.07.15 വരെ |
| | ശ്രീ.ബി.നവാസ് | 20.08.15 മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി സുനിത എം. | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി എം.കെ.ഹയറുന്നീസ | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനോയ് ജോർജ് | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ. | ശ്രീമതി ബിജിമോൾ അൻസാരി | 01.04.15 മുതൽ 31.03.16 വരെ |
| | ശ്രീമതി ഷൈല | |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സിമി തോമസ് | 01.04.15 മുതൽ 19.05.15 വരെ |
| | ഡോ. സാലി സെബാസ്റ്റ്യൻ | 20.05.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ബേസിൽ തമ്പി | 01.04.15 മുതൽ 24.08.15 വരെ |
| | ഡോ.ബിന്ദു ശ്രീ | 25.08.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ശ്രീലജ ശശികുമാർ | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കുമാരി ഗിരിജാദേവി അന്തർജനം | 01.04.15 മുതൽ 23.08.15 വരെ |
| | ശ്രീമതി. സുജ.എസ്.ജെ | 24.08.2015 മുതൽ 31.03.16 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്., പായിപ്പാട് | ശ്രീമതി. തങ്കമ്മ.വി.എം | 01.04.15 മുതൽ 31.03.16 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി. രമ്യ.റ്റി.ആർ | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1-പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |

| | |
|---|---|
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2-വരവുകണക്കുകൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | കാലാവധി കഴിഞ്ഞ ചെക്കുകളുടെ ശരിയായ അക്കൗണ്ടിങ് നടത്തിയിട്ടില്ല. |
| 2-3 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല |
| 2-4-1 | കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി കുറവായി നിർണയിച്ചു. |
| 2-4-2 | യു.എ. നമ്പർ നൽകിയ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല. |
| 2-4-3 | വസ്തുനികുതി നിർണയത്തിൽ അപാകത |
| 2-4-4 | വിമുക്തഭടന്മാരുടെ വസ്തുനികുതി നിർണയത്തിലെ അപാകത |
| 2-5-1 | തൊഴിൽനികുതി അപാകതകൾ |
| 2-5-2 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-5-3 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-6 | ഡി & ഒ ട്രേഡ് ലൈസൻസ് – അപാകതകൾ |
| 2-7 | വാടക- കെ.എസ്.ഇ.ബി. നാളിതുവരെ വാടക അടച്ചിട്ടില്ല |
| 2-8 | പരസ്യനികുതി പിരിക്കുന്നില്ല. |
| | ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | സേവാഗ്രാം ഗ്രാമകേന്ദ്രം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 3-2 | മീഡിയാശ്രീ പ്രോജക്ട് ലക്ഷ്യം കണ്ടില്ല |
| 3-3 | മാനദണ്ഡങ്ങൾ പാലിക്കാതെ ശുചീകരണഫണ്ട് നൽകിയത്- തുക തടസ്സപ്പെടുത്തുന്നു. |
| 3-4 | സാക്ഷരതാ മിഷൻ പ്രേരകുമാർക്ക് ഓണറേറിയം- തുക മിഷനിൽ നിന്ന് ഈടാക്കേണ്ടതാണ്. |
| 3-5 | പാലിയേറ്റീവ് കെയർ- സർക്കാർ മാർഗനിർദേശലംഘനം |
| 3-6 | എഴവന്താനം- കുന്നംപുറം റോഡ്- ആവശ്യത്തിലധികം മണ്ണ് മുറിച്ചെടുത്ത് ബ്ലോക്ക് പഞ്ചായത്ത് വർക്കിന് നൽകിയതിന്റെ രേഖകളില്ല |
| 3-7 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ് ഉറപ്പുവരുത്തുന്നില്ല |
| 3-8 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല |
| 3-9 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല |
| 3-10 | ആശ്രയ പദ്ധതി- പദ്ധതി നടത്തിപ്പിൽ വീഴ്ച |
| 3-11 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കേണ്ടത് അനിവാര്യം |
| 3-12 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 3-13 | എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| | ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

| | |
|---|---|
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം–2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം–3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം–4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 20.03.2015തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 2040089 | 27043903 | 25003814 | |
| വരവ് | 70702978 | 57006949 | | 13696029 |
| ആകെ | 72743067 | 84050852 | 15736118 | |
| ചെലവ് | 45840500 | 42814557 | | 3025943 |
| നീക്കിയിരിപ്പ് | 26902567 | 41236295 | 14333728 | |

ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥത്തിലുള്ളതുമായി ഗണ്യമായ അന്തരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 07.07.2016 | --------------- | ---------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 03.11.2016 | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -27043903

വരവ് -57006949

ആകെ -84050852

ചെലവ് -42814557

നീക്കിയിരിപ്പ്-41236295

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3414451 | 9023226 | 12437677 | 10733230 | 1704447 | ഇല്ല |
| വികസനഫണ്ട് എസ്.സി.പി. | 496558 | 9962784 | 19482568 | 4112930 | 15369638 | ഇല്ല |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2000 | 2000 | 2000 | 0 | ഇല്ല |
| സംരക്ഷണഗ്രാന്റ് റോഡ് | 793861 | 6238000 | 7033861 | 5548866 | 1484995 | ഇല്ല |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1846321 | 2870000 | 10954321 | 1985972 | 8968349 | ഇല്ല |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3699441 | 5026736 | 11596177 | 7110891 | 4485286 | ഇല്ല |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | ഇല്ല |
| എം.എൻ.ആർ.ഇ.ജി.എസ്. | 1015 | 6684761 | 6685776 | 6684467 | 1309 | ഇല്ല |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പാക്കാത്തവ | പൂർണമായും നടപ്പാക്കിയവയുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 42049644 | 112 | 29500975 | 8 | 46 | 67.47 |

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
പദ്ധതി രൂപീകരണം, മോണിട്ടറിംഗ് എന്നിവയിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും
അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി
പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു (ഉദ: പശ്ചാത്തല മേഖലയിലെ റോഡ് നിർമ്മാണ പ്രോജക്ടുകൾ).

ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.

എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ സംഗതിയിൽ പ്രവൃത്തി സ്ഥലത്ത് വിശദമായി വിവരങ്ങൾ അടങ്ങിയ (പ്രവൃത്തിയുടെ പേര്, കരാറുകാരൻ, അടങ്കൽ, പൂർത്തിയാക്കുന്ന തീയതി മുതലായവ) ബോർഡ് പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ വാർഷിക പദ്ധതികളിലും ഇതിനായി പ്രോജക്ട് ഉൾപ്പെടുത്തുന്നുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ക്രിയാത്മകമായ നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

വനിതാ ഘടകപദ്ധതിയ്ക്ക് വികസന ഫണ്ടിന്റെ 10% തുക വകയിരുത്തണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം 4341842രൂപ വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട സ്ഥാനത്ത് 866226 രൂപ മാത്രമാണ് വകയിരുത്തിയത് (കുറവ് - ₹3475616).

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആശ്രയ പദ്ധതിയ്ക്കും, കുട്ടികൾക്കും തുക വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല. വൃദ്ധർക്ക് തുക വകയിരുത്തിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ആത്മാർത്ഥയും പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 49.45% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3664481 | 3574212 | 90269 | |
| നികുതിയേതര വരവുകൾ | 56747324 | 24747875 | 31999449 | |
| മറ്റുവരവുകൾ | 4490761 | 4487191 | 3570 | |
| ആകെ | 64902566 | 35809278 | 32093288 | -49.45% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 134880 | 87 |
| കർഷകതൊഴിലാളി പെൻഷൻ | 5224890 | 662 |
| വിധവാപെൻഷൻ | 6758120 | 687 |
| വാർദ്ധക്യകാലപെൻഷൻ | 5640690 | 953 |
| വികലാംഗപെൻഷൻ | 2283175 | 223 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 207840 | 21 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.11.2016 ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9848രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വസ്തു നികുതിയുടെ കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതിയുടെ ഡിമാൻഡ് രജിസ്റ്ററിൽ കൃത്യമായി വരവ് പോസ്റ്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി, ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടങ്ങളെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ചേർത്ത് സൂക്ഷിച്ചിട്ടില്ല. കെട്ടിടങ്ങളുടെ ക്രമവൽക്കരണവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കുന്നില്ല.വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. എ,സി ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.മിനിട്സ് ബുക്കുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട് .രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണകുറിപ്പിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഇനത്തിൽ കുറവ് വന്ന 2346 രൂപാ പഞ്ചായത്ത് ഫണ്ടിൽ അടപ്പിക്കുവാൻ സാധിച്ചത് പ്രശംസനീയമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.1016 | 09/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.16 മുതൽ 18.03.16 | 2010-11മുതൽ 2014-15 വരെ | LBA(HQ)II/8A-2418 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. വാർഷികകണക്കുകളിലെ ട്രഷറി TP അക്കൗണ്ടിന്റെ 31.03.16 ലെ നീക്കിയിരിപ്പ് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ലഭ്യമായ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
4. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയുടെയും ലഭ്യമായ തുകയുടെയും വിശദാംശങ്ങൾ വ്യക്തമല്ല.
5. എ.സി.ആർ ലെ എ,സി ഫണ്ടുകളുടെ ചെലവ് തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
6. പഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുള്ളവയിൽ സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. വിവിധ വരവിനങ്ങളുടെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കാത്തതിനാൽ ആയവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കുവാൻ സാധിച്ചില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 കാലാവധി കഴിഞ്ഞ ചെക്കുകളുടെ ശരിയായ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ള താഴെ പറയുന്ന ചെക്കുകൾ നാളിതുവരെ പണമായി മാറിയിട്ടില്ല.

| ബാങ്കിന്റെ പേര് | ചെക്ക്നമ്പർ | തീയതി | തുക |
|---|---|---|---|
| പായിപ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 83081 | 14.10.2014 | 1200 |
| | 84552 | 21.02.2015 | 300 |
| | 85421 | 30.03.15 | 2150 |
| | 85423 | 30.03.15 | 890 |
| | 90351 | 25.01.16 | 53462 |
| | ആകെ | | 58002 |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ലെ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. പ്രസ്തുത ചെക്കുകളുടെ കാര്യത്തിൽ മേൽ സൂചിപ്പിച്ച വിധത്തിലുള്ള അക്കൗണ്ടിംഗ് ക്രമീകരണം നടത്തേണ്ടതാണ്.

## 2-3 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില വളരെ മോശമായ സ്ഥിതിയിലാണ്. നികുതി/നികുതിയേതര വരവുകൾ, എസ്റ്റാബ്ലിഷ്-മെന്റ് ഇനത്തിലുള്ളതും ഭരണപരവുമായ ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല.ഗ്രാമപഞ്ചായത്തിന് തുടർ വർഷങ്ങളിലേക്ക് നൽകേണ്ടി വരുന്ന ശമ്പളം ഹോണറേറിയം എന്നീഇനങ്ങളിലുള്ള വർദ്ധനവിന് ആനുപാതികമായി തനത് വരുമാനം കൂടുതലായി കണ്ടെത്തേണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷങ്ങളിലെ തനത് വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്).

| *വരവ്* | *2015-16* | *ചെലവ്* | *2015-16* |
|---|---|---|---|

| | | | |
|---|---|---|---|
| വസ്തുനികുതി, സേവന നികുതി | 1664192 | എസ്റ്റാബ്ലിഷ്-മെന്റ് ചെലവുകൾ | 1246889 |
| തൊഴിൽ നികുതി | 182040 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 964311 |
| വാടക | 74500 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2217040 |
| ഡി&ഒ | 55580 | ബാങ്ക് ചാർജ് | 2852 |
| ഫീസുകൾ | 573687 | | |
| പലിശ | 13176 | | |
| ലേലം | 1021500 | | |
| ആകെ | 3584675 | ആകെ | 4431092 |
| | | കമ്മി | 846417 |

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈവന്നിട്ടുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാവാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതും ചെലവു ചുരുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4-1 കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4- ചട്ടം 1- ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ,ഒരേ സമയം നികുതി നിർണ്ണയിച്ച, വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 50- രൂപയാണ് ചുമത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ (ആർ ഡി ) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈ പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തത് പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും 100 ച.മീറ്ററിലധികമുള്ളതുമായ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 60രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുള്ളതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് , വിലാസം | കെട്ടിടനം | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച വസ്തുനികുതി,സേവന ഉപനികുതി | നിർണ്ണയി ക്കേണ്ടിയിരുന്ന വസ്തുനികുതി ,സേവനഉപനികുതി | നിർണയിച്ചതിൽ കുറവ് (വസ്തുനികുതി, സേവനഉപനികുതി) |
|---|---|---|---|---|---|---|
| 1 | തോമസ് കെ.ജെ, കൊച്ചുപുരയ്ക്കൽ | II/229A | 30.61 | 1530-153(10%ഇളവ് റോഡ്)=1378,138 | 122.44*60= 7346-734 (10%ഇളവ് റോഡ്)=6612, 661 | 1100, 109 |
| | | II/229B | 30.61 | 1530-153(10%ഇളവ് റോഡ്)=1378,138 | | |
| | | II/229C | 30.61 | 1530-153(10%ഇളവ് റോഡ്)=1378,138 | | |

| | | | | |
|---|---|---|---|---|
| | II/229D | 30.61 | 1530-153(10%ഇളവ് റോഡ്)=1378,1384 | |

ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കി നൂറ് ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.20) മറുപടി തൃപ്തികരമല്ല. നികുതി പുനർനിർണയിച്ച് നഷ്ടതുക കെട്ടിടം ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-4-2 യു.എ നമ്പർ നൽകിയ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

2015-16 വർഷത്തെ അനധികൃതകെട്ടിടങ്ങളുടെ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം പഞ്ചായത്തിലെ പത്താം വാർഡിൽ ജോസഫ് അലക്സാണ്ടർ ,പുതുവേലിൽ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 08.05.2015 ൽ നിർമ്മാണം പൂർത്തിയാക്കിയ 754 ച.മീറ്റർ തറവിസ്തീർണമുള്ള കെട്ടിടത്തിന് ( ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടില്ല.)യു.എ നമ്പർ (യു.എ നം.1) നൽകി നിയമാനുസൃതമാണെങ്കിൽ ചുമത്തേണ്ട നികുതിയും (754*80= 60320+21112 (20% വർദ്ധനവ് റോഡ്+15% വർദ്ധനവ്തറനിർമ്മിതി)=81432/-രൂപ) അതിന്റെ രണ്ടിരട്ടിയും ചേർന്ന തുകയായ 280941/- രൂപ വാർഷിക വസ്തുനികുതിയായി നിർണയിച്ചതായി കാണുന്നു. തൻവർഷം ഈ തുക ഈടാക്കിയതിന്റെയും ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.18)ക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി തുക നാളിതുവരെ അടവാക്കിയിട്ടില്ല എന്നും പഞ്ചായത്തിന്റെ നടപടികൾക്കെതിരെ ടിയാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിൽ അപ്പീലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജിയും സമർപ്പിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-4-3 വസ്തുനികുതി നിർണയത്തിൽ അപാകത

2015-16 വർഷം വസ്തുനികുതി നിർണയം നടത്തിയ സി.ആർ മനോജ് കുമാർ ,ചെങ്കിലാത്ത് ലക്ഷ്മീവിലാസം, എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 10/ 57/C എന്ന കെട്ടിടനമ്പർ നൽകി , 233.3 ച.മീറ്റർ തറവിസ്തീർണത്തിന് 16798/-രൂപ(233.3*60=13998+2799(20% വർദ്ധനവ് റോഡ് ) നികുതി നിർണയിച്ചു. എന്നാൽ ഫയലിൽ ലഭ്യമാക്കിയ കംപ്ളീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടത്തിന്റെ തറവിസ്തീർണം 390.3 ച.മീറ്ററാണ്. തറവിസ്തീർണം കണക്കാക്കിയതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.23) മറുപടി തൃപ്തികരമല്ല. പരിശോധന നടത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

## 2-4-4 വിമുക്തഭടന്മാരുടെ വസ്തുനികുതി നിർണയത്തിലെ അപാകത

വിമുക്തഭടന്മാർക്ക് വസ്തുനികുതി ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ ,അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.രജിസ്റ്റർ പ്രകാരം നികുതിയിളവ് നൽകിയിരിക്കുന്ന ചുവടെ ചേർക്കുന്നവർ വിമുക്തഭടനാണെന്ന് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പേര് | കെട്ടിടനമ്പർ |
|---|---|---|
| 1 | യോഹന്നാൻ വർഗീസ് | VI/168 |
| 2 | വി.കെ നാരായണൻ | IV/ 454 |

2.രജിസ്റ്ററിൽ ക്രമനം .23 ആയി ചേർത്തിട്ടുള്ള സുധാകരൻ,സി.കെ സദനം എന്നയാളിന്റെ കെട്ടിടവിസ്തീർണം 2000ച.അടിയിൽ കൂടുതലുണ്ടെന്നും നികുതിയിളവിന് അർഹനല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടും ടി കെട്ടിടത്തിന് നികുതിയിളവ് നൽകിയിട്ടുണ്ട്.

3. രജിസ്റ്ററിൽ ക്രമനം .59 ആയി ചേർത്തിട്ടുള്ള എൻ റ്റി ചാണ്ടിപ്പിള്ള, നാലുപാറയിൽ എന്നയാളിന്റെ 15-ാം

വാർഡിലെ 104-ാം നം കെട്ടിടത്തിന് 200ച.മീറ്റർ വിസ്തീർണമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടും ടി വീടിന് നികുതിയിളവ് നൽകി.

4.കെട്ടിടങ്ങളുടെ അന്വേഷണറിപ്പോർട്ടിൽ 200ച.മീറ്ററിൽ താഴെ തറവിസ്തീർണമായതിനാൽ നികുതിയിളവ് നൽകുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തറവിസ്തീർണം 185ച.മീറ്റർ (2000 ച.അടി)ൽ കവിയാത്തതായ ഒരു വീടിന് മാത്രമെ നികുതിയിളവിന് അർഹതയുള്ളൂ.

5.രജിസ്റ്ററിൽ കെട്ടിടത്തിന്റെ തറ വിസ്തീർണം രേഖപ്പെടുത്തുന്നില്ല. അപേക്ഷകളോടൊപ്പം മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വാങ്ങണമെന്ന നിർദേശം പൂർണമായും പാലിച്ചിട്ടില്ല.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 ) ലഭ്യമാക്കിയ മറുപടിയിൽ ക്രമനം 2,3 എന്നിവ പ്രകാരമുള്ളവരെ നികുതി അടവാക്കണമെന്ന് കാണിച്ച് വിവരമറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-5-1 തൊഴിൽനികുതി -അപാകതകൾ

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും വെറ്റിനറി സർജൻ മുഖാന്തിരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി വിതരണം ചെയ്യുന്നതുമായ താഴെപ്പറയുന്ന ക്ഷീര സംഘങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1)പായിപ്പാട് ക്ഷീരോത്പാദന സഹകരണസംഘം K 143(D)APCOS

2)വെള്ളാപ്പള്ളി ക്ഷീരോത്പാദന സഹകരണസംഘം K 150(D)APCOS

3)നാലുകോടി ക്ഷീരോത്പാദന സഹകരണസംഘം K 146(D)APCOS

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽഅറിയിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ പരിധിയിൽ റെയിൽവേ ലൈനിൽ ഉൾപ്പെടുന്ന ലെവൽ ക്രോസ്സുകൾ ഉള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത ലെവൽ ക്രോസ്സുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഡിമാൻഡ് ചെയ്തതായി കാണുന്നില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ ലെവൽക്രോസ്സുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-5-2 ജീവനക്കരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ 2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവയോടൊപ്പം ചേർത്തിട്ടുള്ള അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | ഒന്ന്, രണ്ട് |
| 2 | വടക്കേമുറിയിൽ ഫിനാൻസ് കമ്പനി ലിമിറ്റഡ് | ഒന്ന്, രണ്ട് |
| 3 | യൂണിയൻ ഫിനാൻസ് കമ്പനി ലിമിറ്റഡ്,നാലുകോടി | ഒന്ന്, രണ്ട് |
| 4 | സപ്ലൈകോ മാവേലി സ്റ്റോർ,നാലുകോടി | ഒന്ന് |
| 5 | മുത്തൂറ്റ്മിനി ഫിനാൻസ്,പായിപ്പാട് | ഒന്ന്, രണ്ട് |
| 6 | കൂടത്തേട്ട് ചിട്ടി ഫണ്ട്,പായിപ്പാട് | ഒന്ന്, രണ്ട് |
| 7 | കുത്തുകല്ലുങ്കൽ ഫിനാൻസ്,നാലുകോടി | ഒന്ന്, രണ്ട് |

| | | |
|---|---|---|
| 8 | പി.ബി.സി ഗ്രൂപ്പ് മത്സ്യ മാർക്കറ്റ് ,പായിപ്പാട് | ഒന്ന്, രണ്ട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/01.11.16)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 2-5-3 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ 2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അവയോടൊപ്പം ചേർത്തിട്ടുള്ള അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | യൂണിയൻ ഫിനാൻസ് കമ്പനി ലിമിറ്റഡ്,നാലുകോടി | ഒന്ന്, രണ്ട് |
| 2 | വടക്കേമുറിയിൽ ഫിനാൻസ് കമ്പനി ഇന്ത്യാ ലിമിറ്റഡ് | ഒന്ന്, രണ്ട് |
| 3 | മാവേലി സ്റ്റോർ,നാലുകോടി | രണ്ട് |
| 4 | കൂടത്തേട്ട് ചിട്ടി ഫണ്ട്,പായിപ്പാട് | ഒന്ന്, രണ്ട് |
| 5 | കുത്തുകല്ലുങ്കൽ ഫിൻസ്, നാലുകോടി | ഒന്ന്, രണ്ട് |
| 6 | പി.ബി.സി ഗ്രൂപ്പ് മത്സ്യമാർക്കറ്റ്,പായിപ്പാട് | ഒന്ന്, രണ്ട് |
| 7 | മുത്തൂറ്റ് മിനി ഫിനാൻസ്,പായിപ്പാട് | ഒന്ന്,രണ്ട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/01.11.16)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഡി & ഒ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ഫീസ് പിരിവ് കാര്യക്ഷമമല്ല എന്ന് കാണുന്നു.217 സ്ഥാപനങ്ങൾക്ക് മാത്രമേ 2015-16 വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളൂ.വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതെ ലൈസൻസിനായി ഗ്രാമപഞ്ചായത്തിനെ സമീപിക്കുന്നവർക്ക് മാത്രം ലൈസൻസ് നൽകുന്ന രീതിയാണ് ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചുവരുന്നത്. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല.ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ തൊഴിൽനികുതിയും ഈടാക്കുന്നുള്ളൂ.എല്ലാ അപേക്ഷകളിലും ഒരുദിവസത്തെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ഫീൽഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി റിപ്പോർട്ട് രേഖപ്പെടുത്താത്ത ധാരാളം അപേക്ഷകളും കാണപ്പെട്ടു.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളേയും ഡി & ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 വാടക- കെ.എസ്.ഇ.ബി നാളിതുവരെ വാടക അടച്ചിട്ടില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള X/415 D നമ്പർ മുറി കെ.എസ്.ഇ.ബി. ക്യാഷ് കളക്ഷൻ സെന്റർ നടത്തിപ്പിനായി പ്രതിമാസം 500 രൂപ നിരക്കിൽ 2014 മാർച്ച് മാസം മുതൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം നാളിതുവരെ വാടക അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/01.11.16)മറുപടിയായി കെ.എസ്.ഇ.ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക്

കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. നാളിതുവരെയുള്ള വാടക കുടിശ്ശിക ,പിഴപലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 പരസ്യനികുതി പിരിക്കുന്നില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും, 209(ഡി) വകുപ്പ് പ്രകാരം നികുതി പിരിക്കുവാനുള്ള അവകാശം, ഇതേ നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013-ലെ WP(C) നമ്പർ 27011/2012 നമ്പർഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013-ൽ പുറപ്പെടുവിച്ച എൽ.എസ്.ജി.(ആർ.സി) വകുപ്പിന്റെ 71806/RC2 /2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സ മുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിന് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ, ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നും ഇതിനുള്ള ചെലവുകൾ ടി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാമെന്നും നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലാ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവാഗ്രാം ഗ്രാമകേന്ദ്രം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.എസ്109/16

അടങ്കൽ-640000/- രൂപ (വികസനഫണ്ട് )

ചെലവ്-150000/-രൂപ (ബിൽനം.28/2015-16 തീ.18.02.2016)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പ്രോജക്ട് പ്രകാരം ഗ്രാമകേന്ദ്രങ്ങളുടെ വാടക, ഗ്രാമകേന്ദ്രങ്ങളുടെ ഭൗതികസൗകര്യങ്ങൾ ,ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ എന്നീ ഇനങ്ങളിലായി യഥാക്രമം 150000/-രൂപ,34000/-രൂപ,,150000/- രൂപ,വീതം ആകെ 640000/- രൂപ വകയിരുത്തിയതിൽ ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ എന്ന ഇനം മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്.ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം സപ്ളൈ ഓർഡർ നൽകിയതിന്റെ വിവരം ഫയലിലില്ല.ലഭ്യമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (തിരുവല്ല) 16.02.16 ലെ V-190A/15-16 -ാം നം ഇൻവോയിസ് ,കൈപ്പറ്റ് രസീത് എന്നിവ പ്രകാരം സ്റ്റീൽ മേശ-16 എണ്ണം, എസ് ടൈപ്പ് കസേര-16 എണ്ണം, പ്ലാസ്റ്റിക് കസേര -80 എണ്ണം എന്നിവയ്ക്ക് 143999.96രൂപയും ലോഡിംഗ്,അൺലോഡിംഗ് &ട്രാൻപോർട്ടേഷന് 6000/- രൂപയും ഉൾപ്പെടെ ആകെ 150000/- രൂപ നൽകിയതായി കാണുന്നു. ഇതേ സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ (പ്രോജക്ട് നം.എസ് 177/16) വാങ്ങിയപ്പോൾ ഇപ്രകാരം

ലോഡിംഗ്,അൺലോഡിംഗ് &ട്രാൻപോർട്ടേഷന് പ്രത്യേകമായി തുക നൽകിയതായി കാണുന്നില്ല.ആയതിനാൽ ലോഡിംഗ്,അൺലോഡിംഗ് &ട്രാൻപോർട്ടേഷന് 6000/- രൂപ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് 16 വാർഡുകളിലെയും കൺവീനർമാർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 16 വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3.തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ (എം.എസ്) നം. 112/2014 തസ്വഭവ 25.06.2014 പ്രകാരമുള്ള സേവാഗ്രാം ഗ്രാമകേന്ദ്രത്തിന്റെ പ്രവർത്തന മാർഗരേഖയിലെ നിർദേശങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ,വാർഡ് വികസന സമിതി രൂപീകരിച്ചത് ,അംഗങ്ങളെ തെരഞ്ഞെടുത്തത്, പ്രവർത്തനങ്ങൾ, യോഗം കൂടുന്നതിന്റെ യും തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന്റെയും മിനിട്സ്, മോണിറ്ററിംഗ് റിപ്പോർട്ട് മുതലായവ ലഭ്യമാക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24) മറുപടി ലഭ്യമാക്കിയില്ല. സേവാഗ്രാം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനമാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കാതെ ചെലവിട്ട 150000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 മീഡിയാശ്രീ പ്രോജക്ട് -ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് നം എസ് 113/16

നിർവഹണഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -65000/-രൂപ (വികസനഫണ്ട്)

ചെലവ്-65000/-രൂപ(ബിൽ നം. 04/15 തീ.17.7.15)

തദ്ദേശസ്വയംഭരണവകുപ്പിന്റെ 05-12-2014 ലെ 3206/2014-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ ´ "മീഡിയാശ്രീ" പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായാണ് മേൽ നമ്പർ പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 65000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വീഡിയോ ഡോക്യുമെന്റേഷൻ സിഡി നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ഈ പ്രോജക്ടിന് ചെലവഴിച്ച 65000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-3 മാനദണ്ഡങ്ങൾ പാലിക്കാതെ ശുചീകരണ ഫണ്ട് നല്കിയത് -തുക തടസ്സപ്പെടുത്തുന്നു.

ആരോഗ്യ പ്രവർത്തകർ കൺവീനറും വാർഡ് മെമ്പർ ചെയർമാനും ഉൾപ്പെടുന്ന രൂപീകരിക്കപ്പെട്ട സമിതിയ്ക്ക് വേണം വാർഡ് തല സാനിട്ടേഷൻ തുക തദ്ദേശസ്വയംഭരണ സ്ഥാപനം കൈമാറേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് ഈ മാനദണ്ഡങ്ങളൊന്നും പാലിക്കാതെയാണ് താഴെക്കൊടുത്തിട്ടുള്ള വ്യക്തികൾക്ക് പ്രസ്തുത പദ്ധതി പണം നല്കിയത്.തുക കൈമാറിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | തുക | ചെക്ക്നമ്പർ/തീയതി | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| 1 | 14 | 10000 | 89598/26.8.15 | റ്റിറ്റി ജോസഫ് |
| 2 | 7 | 10000 | 89856/28.6.15 | മോഹിനി ശിവദാസ് |
| 3 | 15 | 10000 | 89897/12.10.15 | രമാ ശാലപ്പൻ |

| | | | | |
|---|---|---|---|---|
| 4 | 9 | 10000 | 89860/26.8.15 | സിന്ധു രാജപ്പൻ |
| 5 | 6 | 10000 | 89855/26.8.15 | ഷീന ജോസ്സി |
| 6 | 2 | 10000 | 89862/26.8.15 | മാധവി ഗോപി |
| 7 | 2 | 10000 | 89861/26.8.15 | ജോളിയമ്മ ജോസഫ് |
| 8 | 11 | 10000 | 89858/26.8.15 | തങ്കമണി |
| 9 | 14 | 10000 | 89863/26.8.15 | റീന ജോമോൻ |
| 10 | 13 | 10000 | 89870/14.9.15 | വിജയമ്മ ദേവദാസ് |
| 11 | 3 | 10000 | 89877/2.9.15 | വിനീത. കെ.വിജയൻ |
| 12 | 5 | 10000 | 90348/18.1.16 | ഓമന മുരളി |
| 13 | 4 | 10000 | 90324/15.12.15 | ലത മുരളി |

ആകെ 16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 12 വാർഡുകൾക്കുള്ള തുക നല്കിയതിന്റെ രേഖകൾ മാത്രമേ വൗച്ചറിൽ നിന്നും ലഭ്യമായിട്ടുള്ളു. ചെക്ക് നമ്പർ/തീയതി എന്നിവയൊന്നും രേഖപ്പെടുത്താതെയാണ് വൗച്ചർ സൂക്ഷിച്ചിട്ടുള്ളത്.മേൽ തുകകളെ സംബന്ധിക്കുന്ന ചെലവ് രേഖകൾ ബന്ധപ്പെട്ട വാർഡ് ചുമതലയുള്ള ജെ.പി.എച്ച്.എൻ./ജെ.എച്ച്.ഐ.എന്നിവർ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവിനെ സംബന്ധിക്കുന്ന രേഖകളും വിശദീകരണവും ഓഡിറ്റിന് യഥാസമയം ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ചെലവഴിച്ച 130000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ രേഖകളും മാനദണ്ഡങ്ങൾ പാലിക്കാതെ ആരോഗ്യമേഖലയുമായി ബന്ധമില്ലാത്തവർക്ക് തുക നൽകുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 സാക്ഷരതാ മിഷൻ പ്രേരകമാർക്ക് ഓണറേറിയം - തുക മിഷനിൽ നിന്നും ഈടാക്കേണ്ടതാണ്

സാക്ഷരതാ മിഷൻ പ്രേരകമാരുടെ ഓണറേറിയം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും തൻ വർഷം 97000 രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും 15-16 ൽ ലഭിച്ചത് 32000 രൂപയാണ്.

പ്രേരകമാർക്ക് 2015-16 സാമ്പത്തികവർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രേരകിന്റെ പേര് | വേതനം നല്കിയ കാലയളവ് | നല്കിയ വേതന തുക | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|
| ജോളി എം.ജോസഫ് | 2014 സെപ്റ്റംബർ മുതൽ 2015 ജൂലൈ വരെ | 30800 | 51500284/22.08.15 |
| അനിയൻ കുഞ്ഞ് | 2014 സെപ്റ്റംബർ | 30800 | 21500285/22.08.15 |

| | | | |
|---|---|---|---|
| | മുതൽ 2015 ജൂലായ് വരെ | | |
| ശ്രീദേവി (അസിസ്റ്റന്റ് പ്രേരക്) | 2014 ഒക്ടോബർ മുതൽ 2015 ജൂലായ് വരെ | 25800 | 21500292/26.08.15 |
| അനിയൻ കുഞ്ഞ് | 2015 സെപ്റ്റംബർ | 2800 | 21500348/30.09.15 |
| | ഉത്സവബത്ത | 1100 | 21500350/30.09.15 |
| | സ്പെഷ്യൽ അലവൻസ് | 900 | 21500349/30.09.15 |
| ജോളി എം.ജോസഫ് | 2015 സെപ്റ്റംബർ | 2800 | 21500351/30.09.15 |
| | ഉത്സവബത്ത | 1100 | 21500352/30.09.15 |
| | സ്പെഷ്യൽ അലവൻസ് | 900 | 21500353/30.09.15 |

2015-16 സാമ്പത്തികവർഷം നാഷണൽ ലിറ്ററസി മിഷനിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക | ചെക്ക് നമ്പർ/തീയതി |
|---|---|
| 32000 | 911211/24.08.15 |

വ്യക്തമായ ചെലവ് പത്രിക നൽകി ബാക്കി തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് കെയർ - സർക്കാർ മാർഗ്ഗനിർദ്ദേശ ലംഘനം.

12ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും നടപ്പിലാക്കേണ്ട പാലിയേറ്റീവ് പരിചരണത്തിന് ജി.ഒ.(ആർ.ടി) 3217/2015തസ്വഭവ.തീയതി 29.10.2015 ആയി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടു.

1)അധികരിച്ച നിരക്കിൽ ഭക്ഷണ ചെലവ്-മാർഗ്ഗരേഖയുടെ 2.6.3ശീർഷകത്തിന്റെ 3ാം ഉപശീർഷകത്തിൽ ഭക്ഷണത്തിനായി ചെലവഴിക്കാവുന്ന തുകയെപ്പറ്റി വ്യക്തമായ നിർദ്ദേശം ഉണ്ട്.ഹോം കെയർ ദിനങ്ങളിൽ ഗൃഹസന്ദർശനങ്ങളിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് ഭക്ഷണചെലവിനായി ഒരാൾക്ക് ഒരു ദിവസം പരമാവധി 60 രൂപ നിരക്കിൽ പരമാവധി 3പേർക്ക് ആകെ 180 രൂപയാണ് ചെലവഴിക്കാനാകുക.എന്നാൽ ഈ നിർദ്ദേശം ലംഘിച്ച് താഴെ പ്രതിപാദിക്കും പ്രകാരം 2310 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/തീയതി | ഹോം കെയർ തീയതി | വൗച്ചർ നമ്പർ | അനുവദിക്കാവുന്ന തുക | നല്കിയ തുക | അധികം നൽകിയ തുക | |
|---|---|---|---|---|---|---|
| 9/15-16 23.12.15 | 4.11.15 | 9 | 180 | 300 | 120 | റിമാർക്സ് |
| | 6.11.15 | 10 | 180 | 450 | 270 | |
| | 11.11.15 | 11 | 180 | 300 | 120 | |

| | | | | | | |
|---|---|---|---|---|---|---|
| | 13.11.15 | 12 | 180 | 300 | 120 | |
| | 20.11.15 | 13 | 180 | 225 | 45 | |
| | 21.11.15 | 14 | 180 | 300 | 120 | |
| | 25.11.15 | 15 | 180 | 300 | 120 | |
| | 26.11.15 | 16 | 180 | 300 | 120 | |
| 10/15-16<br>30.01.16 | 9,12.15 | 10 | 180 | 300 | 120 | |
| | 10.12.15 | 11 | 180 | 225 | 45 | |
| | 16.12.15 | 14 | 180 | 300 | 120 | |
| | 21.12.15 | 15 | 180 | 225 | 45 | |
| | 22.12.15 | 15 | 180 | 300 | 120 | |
| | 29.12.15 | 16 | 180 | 225 | 45 | |
| 12/15-16<br>23.02.16 | 6.01.16 | 9 | 180 | | | |
| | 7.01.16 | 10 | 180 | 300 | 120 | |
| | 12.01.16 | 11 | 180 | 300 | 120 | |
| | 16.01.16 | 12 | 180 | 225 | 45 | |
| | 21.01.16 | 13 | 180 | 300 | 120 | |
| | 22.01.16 | 14 | 180 | 300 | 120 | |
| | 25.01.16 | 15 | 180 | 225 | 45 | |
| | 28.01.16 | 16 | 180 | 300 | 120 | |
| 13/15-16<br>15.03.16 | 04.02.16 | 9 | 180 | 300 | 120 | |
| | 05.02.16 | 10 | 180 | 225 | 45 | |
| | 10.02.16 | 11 | 180 | 300 | 120 | |
| | 11.02.16 | 12 | 180 | 225 | 45 | |
| | 16.02.16 | 13 | 180 | 300 | 120 | (ബിൽ ഹാജരാക്കിയിട്ടില്ല. |
| | 18.02.16 | 14 | 180 | 300 | 120 | |
| | 24.02.16 | 15 | 180 | 300 | 120 | |
| | 25.02.16 | 16 | 180 | 375 | 195 | |
| 14/15-16<br>29.03.16 | 3.03.16 | 9 | 180 | 300 | 120 | |
| | 10.03.16 | 10 | 180 | 225 | 45 | |
| | 11.03.16 | 11 | 180 | 300 | 120 | |
| | 14.03.16 | 12 | 180 | 225 | 45 | |

| | | | | | |
|---|---|---|---|---|---|
| | 18.03.16 | 13 | 180 | 225 | 45 |
| | 21.03.16 | 14 | 180 | 300 | 120 |
| | 22.03.16 | 15 | 180 | 300 | 120 |
| | 23.03.16 | 16 | 180 | 300 | 120 |
| അധികം നല്കിയ ആകെ തുക | | | | 2310 | |

2)മേൽ ഉത്തരവിലെ 2.6.5 ശീർഷകത്തിന്റെ 3ാം ഉപ ശീർഷകം പ്രകാരം വാഹന വാടക ഇനത്തിൽ അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഓടുന്ന ദൂരം<br>Up and down | 15-24 കി.മീ. | 25-34 കി.മീ | 35-44 കി.മി | 45-44 കി.മി. |
|---|---|---|---|---|
| പരമാവധി തുക | 800രൂപ | 900രൂപ | 1000രൂപ | 1100രൂപ |

എന്നാൽ മേൽ നിർദ്ദേശം ലംഘിച്ച് വാഹന വാടക ഇനത്തിൽ രൂപ അധികം ചെലവഴിച്ചിട്ടുണ്ട്

| ബിൽ നമ്പർ/തീയതി | ഹോം കെയർ തീയതി | വൗച്ചർ നമ്പർ | ഓടിയ ദൂരം | അനുവദിക്കാവുന്ന തുക | നല്കിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 9/15-16<br>23.12.15 | 4.11.15 | 1 | 20 | 800 | 950 | 150 |
| | 6.11.15 | 2 | 20 | 800 | 950 | 150 |
| | 11.11.15 | 3 | 20 | 800 | 950 | 150 |
| | 13.11.15 | 4 | 26 | 900 | 1100 | 200 |
| | 20.11.15 | 5 | 21 | 800 | 950 | 150 |
| | 21.11.15 | 6 | 26 | 900 | 1100 | 200 |
| | 25.11.15 | 7 | 27 | 900 | 1100 | 200 |
| | 26.11.15 | 8 | 21 | 800 | 950 | 150 |
| 10/15-16<br>30.01.16 | 01.12.15 | 1 | 20 | 800 | 950 | 150 |
| | 9.12.15 | 2 | 20 | 800 | 950 | 150 |
| | 10.12.15 | 3 | 25 | 900 | 1100 | 200 |
| | 16.12.15 | 4 | 20 | 800 | 950 | 150 |
| | 18.12.16 | 5 | 20 | 800 | 950 | 150 |
| | 21.12.15 | 6 | 26 | 900 | 1100 | 200 |
| | 22.12.15 | 7 | 20 | 800 | 950 | 150 |
| | 29.12.15 | 8 | 24 | 800 | 950 | 150 |
| 12/15-16<br>23.02.16 | 6.01.16 | 1 | 20 | 800 | 950 | |

| | | | | | | |
|---|---|---|---|---|---|---|
| | 7.01.16 | 2 | 21 | 800 | 950 | 150 |
| | 12.01.16 | 3 | 25 | 900 | 1100 | 200 |
| | 16.01.16 | 4 | 20 | 800 | 950 | 150 |
| | 21.01.16 | 5 | 21 | 800 | 950 | 150 |
| | 25.01.16 | 6 | 27 | 900 | 1100 | 200 |
| | 28.01.16 | 8 | 21 | 800 | 950 | 150 |
| 13/15-16<br>15.03.16 | 04.02.16 | 1 | 20 | 800 | 950 | 150 |
| | 05.02.16 | 2 | 20 | 800 | 950 | 150 |
| | 10.02.16 | 3 | 20 | 800 | 950 | 150 |
| | 11.02.16 | 4 | 25 | 900 | 1100 | 200 |
| | 16.02.16 | 5 | 20 | 800 | 950 | 150 |
| | 18.02.16 | 6 | 20 | 800 | 950 | 150 |
| | 24.02.16 | 7 | 26 | 900 | 1100 | 200 |
| | 25.02.16 | 8 | 25 | 900 | 1100 | 200 |
| 14/15-16<br>29.03.16 | 3.03.16 | 1 | 21 | 800 | 950 | 150 |
| | 10.03.16 | 2 | 26 | 900 | 1100 | 200 |
| | 11.03.16 | 3 | 20 | 800 | 950 | 150 |
| | 14.03.16 | 4 | 20 | 800 | 950 | 150 |
| | 18.03.16 | 5 | 20 | 800 | 950 | 150 |
| | 21.03.16 | 6 | 21 | 800 | 950 | 150 |
| | 22.03.16 | 7 | 25 | 900 | 1100 | 200 |
| | 23.03.16 | 8 | 26 | 900 | 1100 | 200 |
| ആകെ അധികം നല്കിയ തുക | | | | | | 3700 |

3) മാർഗ്ഗരേഖയുടെ 2.3 ശീർഷകം പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയുമായ 14 അംഗ പാലിയെറ്റീവ് മാനേജ്മെന്റ് കമ്മറ്റി രൂപീകതമായതിന്റെ രേഖകൾ ഹാജരാക്കിയില്ല. ശീർഷകം 2.4 പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മറ്റി രൂപീകരിക്കുകയും എല്ലാ മാസവും 5ാം തീയതിയക്ക് മുൻപായി യോഗം ചേർന്ന് പാലിയേറ്റീവ് പരിചരണം വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ പി.എം.സി.രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല,

4)സർക്കാർ നിർദ്ദേശ പ്രകാരം വിവിധങ്ങളായ 33 റജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെങ്കിലും അവ്യക്തമായ രേഖപ്പെടുത്തലുകളുള്ള ഹോം കെയർ റിപ്പോർട്ട് ബുക്ക് ഒഴികെ മറ്റൊന്നും സൂക്ഷിച്ചുള്ളതിന്റെ വിവരങ്ങൾ ലഭ്യമല്ല.

മേൽ കാരണങ്ങളാൽ അധികം ചെലവഴിച്ച 6010 തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം 17/1.11.16) ക്ക് ലഭ്യമാക്കിയ മറുപടിയിൽ 45 ദിവസത്തിനുള്ളിൽ തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-6 എഴുവന്താനം-കുന്നംപുറം റോഡ്-ആവശ്യത്തിലധികം മണ്ണ് മുറിച്ചെടുത്ത് ബ്ലോക്ക് പഞ്ചായത്ത് വർക്കിന് നൽകിയതിന്റെ രേഖകളില്ല.

2015-16 ലെ 140/16 പദ്ധതിയായ എഴുവന്താനം കുന്നംപുറം റോഡ് നിർമാണത്തിന്റെ ഭാഗമായി 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 199951 രൂപ ചെലവിട്ടിട്ടുണ്ട്. ടി റോഡിന്റെ ഇരുവശങ്ങളിലും ഉള്ള വസ്തുവിൽ നിന്നും മണ്ണ് മാറ്റിയതിനാൽ (പ്രസ്തുത റോഡ് 3 മീറ്റർ വീതിയിലും 5.3 മീറ്റർ ഉയരത്തിലുമാണ് സ്ഥിതി ചെയ്തിരുന്നത്) പ്രസ്തുത റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനു വേണ്ടി ഉയർന്ന് നിന്ന മണ്ണ് എക്സ്കവേറ്റ് ചെയ്ത് ആനുപാതികമായി ചെരിവ് നൽകി കുഴിച്ചെടുത്ത മണ്ണ് നിലവിൽ റോഡിന്റെ താഴ്ന്ന ഭാഗത്ത് നിക്ഷേപിക്കുന്നതിനായി തയ്യാറാക്കിയതാണ് പ്രോജക്ട്.ടി പ്രോജക്റ്റിന്റെ ഭാഗമായി 293.29 ക്യൂബിക് മീറ്റർ മണ്ണ് കുഴിച്ചെടുത്ത് 239.54 ക്യൂബിക് മീറ്റർ എഴുവന്താനം-കുന്നംപുറംറോഡിന്റെ താഴ്ന്ന ഭാഗത്തും 50.99 ക്യൂബിക് മീറ്റർ മണ്ണ് എഴുവന്താനം ചാത്തുരുത്ത് റോഡിന്റെ താഴ്ന്ന ഭാഗത്തും നിറച്ചു. ഫയൽ പരിശോധിച്ചതിൽ ടി ഭാഗത്തുനിന്നും കൂടുതൽ മണ്ണ് കിളച്ചെടുത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവൃത്തിക്ക് ഉപയോഗിക്കുവാൻ നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 26.03.2015 ലെ യോഗത്തിൽ 4-ാം നമ്പരായി തീരുമാനമെടുത്തതായി കാണുന്നു. 03.11.2016 ൽ ഓഡിറ്റ് ടീം സ്ഥലത്ത് ഭൗതിക പരിശോധന നടത്തി ഫയലുമായി ഒത്തുനോക്കിയതിൽ കൂടുതൽ മണ്ണ് എടുത്ത് മാറ്റിയതായി ബോദ്ധ്യപ്പെട്ടു. തുടർന്ന് 04.11.2016 ൽ 26-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കുകയുണ്ടായി. അത് പ്രകാരം 367.71 ക്യൂബിക് മീറ്റർ മണ്ണ് ഇപ്രകാരം നീക്കം ചെയ്തിട്ടുള്ളതായി അസി.എഞ്ചിനിയർ രേഖാമൂലം ലഭ്യമാക്കി. 2016 DSR പ്രകാരം Convenor's own Earth ന് ഒരു ക്യൂബിക് മീറ്ററിന് 422.5 രൂപാ നിരക്കാണ്.ഈ രീതിയിൽ വിലയിരുത്തിയാൽ 155358 രൂപയുടെ മണ്ണ് എപ്രകാരം ഉപയോഗിച്ചു എന്നതിന് വ്യക്തതയില്ല.രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിന്റെയും നിജസ്ഥിതി വ്യക്തമല്ലാത്തതിന്റെയും അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവിട്ട 199951 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011- തീയതിയിലെ 31055/$DC_2$/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 18 അങ്കണവാടികളും ഫിറ്റ്നെസ്സ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 26.09.2016-ന് ഓഡിറ്റ് എൻക്വയറി (നം.09) നൽകി. അങ്കണവാടികളുടെ ഫിറ്റ്നെസ്സ് പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയെങ്കിലും നടപടി സ്വീകരിച്ചിട്ടില്ലെന്ന മറുപടിയാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയത്. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നിരിക്കെ ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-8 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും ഓരോ കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം

അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

## 3-9 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (S026/16,175/16) 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 6 വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 38 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 12000 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 10000 രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15,200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19,500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി - പദ്ധതി നടത്തിപ്പിൽ വീഴ്ച

സമൂഹത്തിലെ അഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ആവിഷ്കരിച്ച ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 05/08/2015ലെ G.O.(Rt) No.2414/2015/LSGD നമ്പർ ഉത്തരവു പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.ആകെ അടങ്കൽ 9970500 രൂപയും 1771000 രൂപ ചലഞ്ച് ഫണ്ടും വരുന്നതുമായ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അഗതി കുടുംബങ്ങളിലായി 107 ഗുണഭോക്താക്കളാണ് രണ്ടാംഘട്ടത്തിലുള്ളത്. 05/08/2015 ൽ അംഗീകാരം ലഭിച്ച രണ്ടാം ഘട്ട പദ്ധതിയുടെ പ്രവർത്തനം നടന്നു വരുന്നു. 01.04.2014 മുതൽ 31.03.2017 വരെയാണ് രണ്ടാംഘട്ട പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.ഗ്രാമപഞ്ചായത്തിലെ ഒന്നാം ഘട്ട ആശ്രയ പദ്ധതി പ്രവർത്തനം ഇപ്പോഴും തുടർന്നു വരുന്നു. 25 ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച ഒന്നാം ഘട്ട പദ്ധതിയിൽ 49 കുടുംബാംഗങ്ങളാണ് ഉള്ളത്.

`ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയ്ക്കായി രണ്ടു ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു. ഇത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം അധികൃതർ നല്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.2016ലെ ബാലൻസ് | ഓഡിറ്റ് കാലയളവിലെ ബാലൻസ്(31.10-2016) |
|---|---|---|---|
| യൂണിയൻ ബാങ്ക് | 720202010001654 | 501 | 598418 |
| എസ്.ബി.റ്റി.ചങ്ങനാശ്ശേരി | 30093969461 | 1629821 | 1629821 |

ഇപ്രകാരം രണ്ടു അക്കൗണ്ടുകൾ പരിപാലിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. എസ്.ബി.റ്റി.യിൽ 1629821 രൂപ യുടെ നിക്ഷേപം നിലനിർത്തികൊണ്ടാണ് യൂണിയൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ രണ്ടാംഘട്ട ആശ്രയ പദ്ധതിയിൽ 107 കുടുംബങ്ങളാണ് ഉള്ളത്. വീട്, വസ്ത്ര, ഭക്ഷണം ,കിണർ / കുടിവെള്ളം ,കക്കൂസ്, ചികിത്സ സഹായം, വൈദ്യുതി എന്നിവ ആവശ്യമായ കുടുംബങ്ങളാണ്

ഭൂരിഭാഗവും. എന്നാൽ ഭക്ഷണ വിതരണവും സ്വയംതൊഴിൽ സംരംഭ സഹായവുമൊഴിച്ച് മറ്റൊരു ആനുകൂല്യവും ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. രണ്ടാംഘട്ട ആശ്രയ പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | കുടുംബശ്രീ ചലഞ്ച് ഫണ്ട് | ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് | IAY | ആകെ വകയിരുത്തിയ തുക |
|---|---|---|---|---|---|---|
| 1 | വസ്ത്ര വാങ്ങൽ | 12 | | 1800000 | | |
| 2 | വീട് അറ്റകുറ്റപ്പണി | 22 | | 550000 | | |
| 3 | കിണർ / കുടിവെള്ളം | 45 | | 712500 | | |
| 4 | കക്കൂസ് നിർമ്മാണം | 42 | | 336000 | | |
| 5 | വൈദ്യുതീകരണം | 18 | | 72000 | | |
| 6 | തൊഴിൽ / ഉപജീവന സഹായം | -- | | -- | | |
| 7 | ചികിത്സ | 84 | 460800 | | | |
| 8 | വിദ്യാഭ്യാസ സഹായം | 28 | 150000 | | | |
| 9 | ഭക്ഷണം | 107 | 1105200 | | | |
| 10 | വീട്(IAY) | 26 | | | 6500000 | |
| 11 | പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും. | | 15000 | | | |
| 12 | പദ്ധതി രൂപീകരണ ചെലവ് | | 15000 | | | |
| 13 | റിസർവ് ഫണ്ട്(1%) | | 21250 | | | |
| | ആകെ | | 1792250 | 3470500 | 6500000 | 11762750 |

രണ്ടാം ഘട്ട ആശ്രയ പദ്ധതിക്കായി 772417രൂപയാണ് ഗ്രാമപഞ്ചായത്തിൽ ലഭിച്ചത്.( കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും ചലഞ്ച് ഫണ്ടിനത്തിൽ 597417 രൂപയും വികസനഫണ്ടിനത്തിൽ 175000 രൂപയും ).വികസന ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ മുൻഘട്ടത്തിലെ ബാക്കി തുക1629821 ഉൾപ്പെടെ 2228239 രൂപ ഓഡിറ്റ് സമയത്തും ചെലവഴിക്കാതെ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ചെലവ് മുൻകൂട്ടി കണ്ട് തുക മുൻകൂറായി പിൻവലിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടി ധനവിനിയോഗ ചട്ടങ്ങൾക്ക് (ജി.ഒ(പി) 177/06 ധനം തീയതി 12-04-2006)വിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട പണമാണ് ഇപ്രകാരം നിഷ്ക്രിയമായി ആശ്രയ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നത്. പദ്ധതി അംഗീകാരം ലഭിച്ച് മാസങ്ങൾക്കു ശേഷവും ലഭ്യമായ തുകയുടെ 12% മാത്രമാണ് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (ആകെ ലഭിച്ച തുക 2533043 രൂപ ചെലവിട്ട തുക 304804 രൂപ) കർമ്മ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം 2016-17 ൽ പദ്ധതി അവസാനിക്കേണ്ടതാകയാൽ തുക പൂർണ്ണമായും ചെലവഴിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഭക്ഷണവിതരണം

ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതി നാമമാത്രമായ സ്വയംതൊഴിൽ പദ്ധതി ഒഴികെ പ്രധാനമായും ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. പദ്ധതി പ്രകാരം ഭക്ഷണവിതരണത്തിന് വകയിരുത്തിയ തുക പര്യാപ്തവുമല്ല.

എ.പി.എൽ / ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ ഗുണഭോക്താക്കളെയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യ പരിരക്ഷ

ഗ്രാമപഞ്ചായത്തിലെ രണ്ടാം ഘട്ട ആശ്രയ ഗുണഭോക്താക്കൾക്ക് ഹെൽത്ത് കാർഡ് നൽകിയിട്ടില്ല. പരിചരണം ആവശ്യമുള്ള ആശ്രയ ഗുണഭോക്താക്കളെ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. രോഗികൾക്ക് സ്ഥിരമായി മരുന്നുകൾ സർക്കാർ ആശുപത്രിയിൽ നിന്നോ മറ്റു സ്രോതസ്സുകളിൽ നിന്നോ ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കായി പ്രത്യേകമായി മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടില്ല.

പെൻഷൻ

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കായി വികസനഫണ്ട് ഉപയോഗിച്ച് പെൻഷൻ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. അർഹരായവർക്ക് ക്ഷേമ പെൻഷനുകൾ നൽകുന്നുണ്ട്. അർഹരായവർ ഉണ്ടായിട്ടും ക്ഷേമ പെൻഷൻ ലഭിക്കാത്ത കുടുംബങ്ങൾ ഒന്നും തന്നെയില്ല.

ഭൂമി,വീട് നിർമ്മാണം

രണ്ടാംഘട്ട ആശ്രയ പദ്ധതിയിലെ ഭൂരഹിതരായ / ഭവനരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കു ആയതു ലഭ്യമാക്കുന്നതിനായി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭൂമി ആവശ്യമായ 12ഉം വീട് ആവശ്യമായ 26 ഉം ഗുണഭോക്താക്കൾക്കായി പ്രാംരംഭ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇതു വരെ ആരംഭിച്ചിട്ടില്ല.

കുടിവെള്ളം, ശുചിത്വം

കിണർ ആവശ്യമുള്ള കുടിവെള്ളം ലഭ്യമല്ലാത്ത 45ആശ്രയ കുടുംബങ്ങളുടെയും ടോയ് ലെറ്റ് സൗകര്യം ഇല്ലാത്ത 42കുടുംബങ്ങളുടെയും കണക്കുകൾ ധനകാര്യ വിശകലനത്തിൽ പറയുന്നുണ്ടെങ്കിലും ആയത് ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും ഉണ്ടായില്ല.

സ്വയം തൊഴിൽ പദ്ധതികൾ

അഗതി കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽ അത്തരം പദ്ധതികൽ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല.

മോണിറ്ററിംഗ് സമിതി കൂടുന്നില്ല-ഗുരുതരമായ വീഴ്ച

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷയായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ,ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ,സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ , ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം ,രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. സമിതി ഒരിക്കൽ പോലും കൂടുകയോ പദ്ധതി പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല. ഇതു വളരെ ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

ആശ്രയ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ച് പദ്ധതിപ്പണം പൂർണ്ണമായും ചെലവഴിക്കുന്നതിനും രണ്ടാംഘട്ട ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അടിയന്തിരമായി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ബുദ്ധിമുട്ടുകയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 27 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 11 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 26 |
| ചുറ്റുമതിൽ ഉള്ളവ | 8 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 2 |
| കുടിവെള്ളം ലഭ്യമായവ | 2 |

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1]. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ അധികാരവികേന്ദ്രീകരണം നടപ്പാക്കി ഒന്നര ദശാബ്ദം പിന്നിട്ടിട്ടും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ലെന്നുള്ളത് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളോടുള്ള അവഗണന വ്യക്തമാക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

## 3-12 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ | 51130 |
| | മരങ്ങാട്ടുപിള്ളി മുതൽ തുണ്ടിയിൽ വരെ സ്ട്രീറ്റ് ലൈൻ വലിക്കൽ | 9980 |
| | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 5598 |
| | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 32571 |
| | തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ | 53255 |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 454261 |
| | വിവിധ വാർഡുകളിലെ ലൈൻ എക്സ്റ്റെൻഷൻ | 2261189 |

| | | |
|---|---|---|
| വാട്ടർ അതോറിറ്റി | എ.സി. റോഡ് പൈപ്പ് ലൈൻ വലിക്കൽ | 910000 |
| | ആകെ | 3777984 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ മുൻകൂർ നൽകിയ 3777984 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2015-16വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം ലേബർബജറ്റ് പ്രകാരം ആകെ 188 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. ഇതിൽ 169 പ്രോജക്ടുകൾക്കാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. ഇവയിൽ 147 എണ്ണം തൻവർഷം നടപ്പാക്കി. 2015-16വർഷം 33849 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 218 അയൽക്കൂട്ടങ്ങൾ പദ്ധതികളുമായി സഹകരിച്ചു. 15 ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ജലസംരക്ഷണവും മഴക്കൊയ്ത്തും പുരയിടം കൃഷിയോഗ്യമാക്കൽ, നീർച്ചാൽ പുനരുദ്ധാരണം, തോട് ആഴംകൂട്ടൽ, തോടുകളിലെ പോളവാരൽ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി. പരാതികൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും അതിന്റെ നിബന്ധനകളെ സംബന്ധിച്ചും പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ചും വ്യക്തമായ ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 240000 | പുഞ്ച നെൽകൃഷിക്കുള്ള വിത്ത് - പാടശേഖരസമിതി മുഖേന വിതരണം | 240000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ | 51130 | 0 | 51130 |
| | മരങ്ങാട്ടുപടി മുതൽ തുണ്ടിയിൽ വരെ സ്ട്രീറ്റ് ലൈൻ വലിക്കൽ | 9980 | 0 | 9980 |
| | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 5598 | 0 | 5598 |
| | വൈദ്യുതി പോസ്റ്റ് മാറ്റി | 32571 | 0 | 32571 |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ | | | |
| | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 53255 | 0 | 53255 |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 454261 | 0 | 454261 |
| | വിവിധ വാർഡുകളിലെ ലൈൻ എക്സ്റ്റൻഷൻ | 2261189 | 0 | 2261189 |
| വാട്ടർ അതോറിറ്റി | എ.സി.റോഡ് പൈപ്പ് ലൈൻ വലിക്കൽ | 910000 | 0 | 910000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1074രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3-5 | 1074 | ചന്ദ്ര മോഹനൻ നായർ സെക്രട്ടറി കല്ലറ ഗ്രാമപഞ്ചായത്ത് | 11502104068 /20.02.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2008-09 | 3-5 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃത്തികൾ |
| 1999-00 | | 2001-02 | 10(12) | ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയത് സംബന്ധിച്ച് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 29963046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42814557 |
| വരവിനങ്ങളിലുള്ള നഷ്ടം | 1100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6010 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4322935 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4-1 | 1100 | | ശ്രീ. വേണുഗോപാൽ സി.പി., സെക്രട്ടറി |
| 3-5 | | 6010 | ഡോ. സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പായിപ്പാട് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 150000 | ശ്രീ വേണുഗോപാൽ സി.പി. , സെക്രട്ടറി |
| 3-2 | 65000 | ശ്രീ വേണുഗോപാൽ സി.പി. , സെക്രട്ടറി |
| 3-3 | 120000 | ശ്രീമതി ഉഷാകുമാരി ബി. , സെക്രട്ടറി |
| 3-3 | 10000 | ശ്രീ വേണുഗോപാൽ സി.പി. , സെക്രട്ടറി |
| 3-6 | 199951 | ശ്രീ വേണുഗോപാൽ സി.പി. , സെക്രട്ടറി |
| 3-12 | 3777984 | |
| ആകെ | 4322935 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വേണുഗോപാൽ സി.പി, സെക്രട്ടറി, പായിപ്പാട് ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, വാകത്താനം ഗ്രാമപഞ്ചായത്ത് | മുളക്കുഴലങ്കരി, മാമ്മൂട് പി.ഒ., ചങ്ങനാശേരി |
| സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പായിപ്പാട് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. , പായിപ്പാട് | കട്ടാംപള്ളി വീട്, ചാപ്പുറം, തൃക്കൊടിത്താനം പി.ഒ., ചങ്ങനാശേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 96-97 ചെലവ് | എൽ എഫ് കെ പി 3/210/98/16.5.98/3.9.99 | |
| 97-98 ചെലവ് | എൽ എഫ് കെ പി 3/288/14/ 6.6.14 | 15 |
| 98-99(ചെലവ്) )98-99(വരവ്) | എൽ എഫ് കെ പി 3/288/14/ 9.6.14<br>എൽ എഫ് കെ പി 8/34/10 11-5-10/8-6-10 | 12 |
| 99-00 | എൽ എഫ് കെ പി 3/288/14/ 7.6.14 | 9 |
| 01-02 | എൽ എഫ് കെ പി8/906/07 22-04-09 | 4 |
| 00-01, 01-02 പ്ലാൻ | എൽ എഫ് കെ പി 8/784/03/12.04.04 /4.05.2004 | 10 |
| 02-03 ചെലവ്<br>02-03(DCB) | എൽ എഫ് കെ പി 8/121/05/02.07.07<br>എൽ എഫ് കെ പി 8/907/07 22.04.08 | 17<br>2 |
| 03-04 ചെലവ് | എൽ എഫ് കെ പി 8/165/07/04.07.09 | 13 |
| 05-06 | എൽ എഫ് കെ പി 8/988/09/03.02.11 | 13 |
| 06-07 | എൽ എഫ് കെ പി 8/358/10 28.12.10/7.3.11 | 23 |
| 07-08 | എൽ എഫ് കെ പി 8/358 A/10/18.06.12 | 16 |
| 08-09 | എൽ എഫ് കെ പി 3/1379/11/ 04.5.12 | 14 |
| 09-10 | എൽ എഫ് കെ പി 3/435/11/07.09.12/1.10.12 | 9 |
| 10-11, 11-12 | എൽ എഫ് കെ പി 3/1464/13/19.08.13 | 22 |
| 12-13 | എൽ എഫ് കെ പി 3/1370/14/ 18.4.15 | 12 |
| 13-14 | കെ.എസ്.എ .കെ.ടി.എം.പി3/175/15/ 10.3.16 | 24 |
| 14-15 | കെ.എസ്.എ.കെ.ടി.എം. പി3/695/16/5.10.16 | 29 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ വിശദീകരിക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷങ്ങളിലെ വരവ്-ചെലവുകണക്കുളെ

ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം